സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ
Estd : 2007
സത്യാന്ന പ്രമദിതവ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ഏപ്രിൽ 30 ഞായർ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# അരിക്കൊമ്പൻ ഇനി പെരിയാറിൽ

## ചിന്നക്കനാലിൽ മയക്കുവെടി വച്ച് പിടിച്ച കൊമ്പനെ രാത്രിയോടു കൂടി മേദകാനത്ത് എത്തിച്ചു



ചിന്നക്കനാൽ: ചിന്നക്കനാലിലും പരിസരപ്രദേശങ്ങളിലും ഭീഷണിയായ അരിക്കൊമ്പനെ പെരിയാർ വാന്യജീവി സങ്കേത്തതിലേക്ക് മാറ്റി. ഇന്നലെ രാത്രിയോടെയാണ് പെരിയാർ വന്യജീവി സങ്കേതത്തിലെ മേദകാനാത്ത് ആനയെ എത്തിച്ചത്. കഴുത്തിലുള്ള സാറ്റ്ലൈറ്റ് റേഡിയോ കോളറിലൂടെ ആരിക്കൊമ്പന്റെ നീക്കങ്ങൾ വനംവകുപ്പ് നിരീക്ഷിക്കുന്നതായിരിക്കും. വനംവകുപ്പ് ചീഫ് വെറ്ററിനറി സർജൻ ഡോ.അരുൺ സഖറിയയുടെ നേതൃത്വത്തിൽ 28നാണ് 'അരിക്കൊമ്പൻ ദൗത്യം' ആരംഭിച്ചത്. ഇന്നലെ രാവിലെ സൂര്യനെല്ലിക്കും സിങ്കുകണ്ടത്തിനും ഇടയിലെ 92 കോളനിയിൽ അരിക്കൊമ്പനേയും ചക്കക്കൊമ്പനേയും നാട്ടുകാർ കാണുകയും ദൗത്യസംഘത്തെ അറിയിക്കുകയുമായിരുന്നു. തുടർന്ന് ചക്കക്കൊമ്പനെ പടക്കമെറിഞ്ഞ് ദൂരേക്ക് മാറ്റിയ ദൗത്യസംഘം അരിക്കൊമ്പനെ ആദ്യ മയക്കുവെടി വച്ചു. തുടർന്ന് ഇടവേളകളിൽ നാല് ബൂസ്റ്റർ ഡോസുകൾ നൽകി. ഇതിനിടെ മയക്കത്തിലായ അരിക്കൊമ്പന്റെ കാലുകളിൽ കുരുക്കിടൻ സംഘം ശ്രമം ആരംഭിച്ചിരുന്നു. പിൻകാലുകളിൽ കയർ കുരുക്കി ആനയെ പൂർണ നിയന്ത്രണത്തിലാക്കിയതിന് ശേഷം മണ്ണുമാന്തിയന്ത്രങ്ങൾ എത്തിച്ച് വഴി വെട്ടി ലോറി അരിക്കൊമ്പന് അടുത്തെത്തിച്ചു. നാല് കുങ്കിയാനകളുടെ സഹായത്തോടെ അരിക്കൊമ്പനെ ലോറിയിൽ കയറ്റാൻ ശ്രമിച്ചെങ്കിലും വിജയം കണ്ടില്ല. തുടർന്ന് അഞ്ചാമത്തെ ബൂസ്റ്റർ നൽകിയതിന് ശേഷമാണ് ലോറിയിലെ കൂട്ടിലേക്ക് കൊമ്പനെ മാറ്റയത്.

**അരിക്കൊമ്പനെ പെരിയാർ വന്യജീവി സങ്കേതത്തിലേക്ക് കൊണ്ടുപോകുന്നതിനായി വാഹനത്തിലേക്ക് കയറ്റിയപ്പോൾ**

## ഓപ്പറേഷൻ കാവേരി; 231 പ്രവാസികൾ കൂടി ഡൽഹിയിലെത്തി

ന്യൂഡൽഹി: ആഭ്യന്തര യുദ്ധം രൂക്ഷമായ സുഡാനിൽ നിന്ന് ഇന്ത്യക്കാരെ രക്ഷിക്കാനുള്ള പദ്ധതിയായ ഓപ്പറേഷൻ കാവേരിയുടെ ഭാരമായി 231 പ്രവാസികളെക്കൂടി ഡൽഹിയിലെത്തിച്ചു. ഓപ്പറേഷൻ കാവേരിയുടെ ഭാഗമായി സുഡാനിൽ നിന്നെത്തുന്ന പന്ത്രണ്ടാമത് സംഘമാണിത്.

ഇതുവരെ 2100 പേരെ നാട്ടിലെത്തിച്ചുവെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ പറഞ്ഞു. 3400 ഇന്ത്യക്കാരാണ് സുഡാനിൽ നിന്ന് നാട്ടിലെത്താൻ ഇന്ത്യൻ മിഷനിൽ രജിസ്റ്റർ ചെയ്തത്. ഇവരെക്കൂടി നാട്ടിലെത്തിക്കാനുള്ള ദൗത്യം തുടരുകയാണ്. ഉച്ചയ്ക്ക് 12 മണിയോടെയാണ് പ്രവാസികളേയും വഹിച്ചുകൊണ്ടുള്ള വിമാനം ഡൽഹിയിലെത്തിയത്. സംഘർഷ സാഹചര്യത്തിൽ വളരെ ബുദ്ധിമുട്ടിയാണ് സുഡാനിൽ കഴിഞ്ഞതെന്ന് മടങ്ങിയെത്തിയവർ പ്രതികരിച്ചു. ആഹാര സാധനങ്ങൾക്ക് ക്ഷാമം നേരിട്ടിരുന്നുവെന്നും ആരും വീടിനു പുറത്തേയ്ക്ക് ഇറങ്ങിയിരുന്നില്ലെന്നും അവർ പറഞ്ഞു. സുഡാനിലൂടെ വാഹനയാത്ര ഒട്ടും സുരക്ഷിതമല്ല. ബസുകൾക്ക് നേരെ ബോംബ് ആക്രമണം നടക്കാറുണ്ടെന്നും പ്രവാസികൾ വ്യക്തമാക്കി.

## വിജയത്തീരമണിഞ്ഞ് അഭിലാഷ് ടോമി

### ഗോൾഡൻ ഗ്ലോബ് റേസിൽ രണ്ടാമതായി ഫിനിഷ് ചെയ്തു. റേസ് പൂർത്തിയാക്കുന്ന ആദ്യ ഏഷ്യക്കാരൻ

ലോ സാബ്ലെ ദെ ലോൻ(ഫ്രാൻസ്): ഗോൾഡൻ ഗ്ലോബ് റേസിൽ വിജയത്തീരത്തെത്തി മലയാളി കമാൻഡർ അഭിലാഷ് ടോമി. സാഹസിക സമുദ്ര പര്യടനമായ പായ്വഞ്ചിയോട്ട മത്സരത്തിൽ 236 ദിവസം കൊണ്ടാണ് അഭിലാഷ് ടോമി എസ്‌വി ബയാന എന്ന പായ്വഞ്ചിയുമായി ഫിനിഷ് ചെയ്തത്. ഇന്നലെ ഇന്ത്യൻസമയം രാവിലെ 10.16നാണ് അദ്ദേഹം രണ്ടാം സ്ഥാനക്കാരനായി തീരത്തെത്തിയത്. നേരത്തെ ദക്ഷിണാഫ്രിക്കൻ വനിത കിഴ്സ്റ്റൻ നോയിഷെയ്ഫർ രണ്ട് ദിവസം മുൻപ് ഒന്നാമതായി ഫിനിഷ് ചെയ്തിരുന്നു. 2018ലെ ഗോൾഡൻ ഗ്ലോബ് റേസിനിടെ ഇന്ത്യൻ മഹാസമുദ്രത്തിലുണ്ടായ കടൽക്ഷോഭത്തിൽ വഞ്ചി തകർന്ന് പരുക്കേറ്റ അഭിലാഷ് ടോമിയുടെ ശക്തമായ തിരിച്ചു വരവിനാണ് 2023 സാക്ഷ്യം വഹിച്ചത്. റേസ് പൂർത്തിയാക്കുന്ന ആദ്യ ഏഷ്യക്കാരനായി അദ്ദേഹം. കഴിഞ്ഞ വർഷം സെപ്റ്റംബർ നാലിന് ഫ്രാൻസിലെ സാബ്ലെ ദെ ലോനിൽ നിന്നാണ് റേസ് ആരംഭിച്ചത്. അറ്റ്ലാന്റിക് പസിഫിക്, ഇന്ത്യൻ മഹാസമുദ്രം ഉൾപ്പെടെ 48000 കിലോമീറ്ററും കേപ ് ഓഫ് ഗുഡ്ഹോപ്, കേപ് ല്യൂവിൻ, കേപ്ഹോൾ മുനമ്പുകളും പിന്നിട്ടാണ് അഭിലാഷ് തിരികെയെത്തിയത്. 1968ലെ സാങ്കേതിക സംവിധാനങ്ങൾ മാത്രം ഉപയോഗിച്ച് പങ്കെടുക്കേണ്ട റേസാണ് ഗോൾഡൻ ഗ്ലോബ്. ഇത് രണ്ടാം തവണയാണ് അഭിലാഷ് ടോമി കടലിലൂടെ ഒറ്റക്ക് ഒരിടത്തും നിർത്താതെ ലോകും ചുറ്റുന്നത്. മുമ്പ് 2012ൽ ഇന്ത്യൻ നാവികസേനയുടെ സാഗർ പരിക്രമ 2ന്റെ ഭാഗമായി 151 ദിവസം തുടർച്ചയായി അദ്ദേഹം സമുദ്ര യാത്ര നടത്തിയിട്ടുണ്ട്.



**വിജയത്തീരത്തേക്ക്... ഗോൾഡൻ ഗ്ലോബ് റേസിൽ രണ്ടാമതായി ഫിനിഷ് ചെയ്യുന്ന അഭിലാഷ് ടോമി ഇന്ത്യൻ ദേശീയ പതാക ഉയർത്തിക്കാണിക്കുന്നു**

## ബേട്ടീ ബചാവോ ബേട്ടീ പഠാവോ ഉൾക്കൊണ്ട് തങ്ങളോട് സംസാരിക്കണം: സ്മൃതി ഇറാനിയോട് ഗുസ്തി താരങ്ങൾ

ന്യൂഡൽഹി കേന്ദ്ര വനിതാ ശിശു വികസന മന്ത്രി സ്മൃതി ഇറാനിക്കെതിരേ ഗുസ്തിതാരങ്ങൾ. ഗുസ്തി ഫെഡറേഷൻ പ്രസിഡന്റും ബി.ജെ.പി എം.പിയുമായ ബ്രിജ് ഭൂഷണെതിരേ തങ്ങൾ നടത്തുന്ന പ്രതിഷേധങ്ങൾ കണ്ടില്ലെന്ന് നടിക്കുന്ന മന്ത്രിയുടെ നിലപാടിനെതിരേയാണ് താരങ്ങൾ പ്രതികരിച്ചത്. രാജ്യത്തിന്റെ പുത്രിമാർ പീഡനാരോപിതനെതിരേ നടപടി ആവശ്യപ്പെട്ട പ്രതിഷേധിക്കുമ്പോൾ സ്മൃതി ഇറാനി മൗനം പാലിക്കുന്നത് എന്തുകൊണ്ടാണെന്ന് ഒളിമ്പിക് മെഡൽ ജേതാവായ സാക്ഷി മാലിക് ചോദിക്കുന്നു. സ്വന്തം തത്വമായ ബേട്ടീ ബചാവോ ബേട്ടീ പഠാവോ ഉൾക്കൊണ്ട് ഞങ്ങളോട് സംസാരിക്കണമെന്നും ഞങ്ങളുടെ മൻ കീ ബാത്ത് കേൾക്കണമെന്നും പ്രധാനമന്ത്രിയോട് അപേക്ഷിക്കുകയാണ്. മെഡൽ ജയിക്കുമ്പോൾ ഞങ്ങളെ പുത്രിമാരെന്ന് വിളിക്കുകയും വീട്ടിലേയ്ക്ക് ക്ഷണിക്കുകയും ചെയ്യുന്നു, ഇപ്പോൾ ഞങ്ങൾക്ക് പറയാനുള്ളത് കൂടി കേൾക്കണമെന്ന് സാക്ഷി മാലിക് പറഞ്ഞു. വിഷയത്തിൽ പ്രതികരിക്കാൻ സ്മൃതി ഇറാനിയോട് ആവശ്യപ്പെടുന്നു. എന്തുകൊണ്ടാണ് നിങ്ങൾ നിശ്ശബ്ദയായിരിക്കുന്നത്. ദിവസങ്ങളായി കൊതുകുകൾക്കൊപ്പമാണ് ഞങ്ങളുടെ ഉറക്കം. ഞങ്ങളുടെ പോരാട്ടം നീതിക്കു വേണ്ടിയാണ് അതിനായി കാത്തിരിക്കുകയാണെന്നും സാക്ഷി പറഞ്ഞു.വനിതാ ശിശു ക്ഷേമമന്ത്രിയായ സ്മൃതി ഇറാനി ഗുസ്തി താരങ്ങളുടെ വിഷയത്തിൽ നടപടികൾക്ക് സന്നദ്ധമാകുകയോ പ്രതികരിക്കുകയോ ചെയ്തിട്ടില്ല എന്നത് കടുത്ത വിമർശനത്തിനിടയാക്കിയിരുന്നു. താൻ വിദേശത്താണെന്നും വിഷയത്തിൽ പരിധിയിൽ നിന്നുകൊണ്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടെന്നും ഇത് സംബന്ധിച്ച് രാഷ്ട്രീയ പ്രസ്താവനകൾ ഒന്നും നടത്താനില്ലെന്നും സ്മൃതി ഇറാനി പറഞ്ഞിരുന്നു. അതേസമയം ഗുസ്തി ഫെഡറേഷൻ പ്രസിഡന്റ് ബ്രിജ് ഭൂഷണെതിരേ ഒന്നിലധികം കേസുകൾ രജിസ്റ്റർ ചെയ്ത് ഡൽഹി പോലിസ്. ഇതിനിടെ വാർത്താസമ്മേളനത്തിനിടെ പൊട്ടിക്കരഞ്ഞ് തന്റെ ഭാഗം വിശദീകരിച്ച് ബ്രിജ് ഭൂഷൺ.'രാജി എന്നത് വലിയ കാര്യമല്ല. പക്ഷേ ഞാൻ ഒരു കുറ്റവാളിയല്ല. ഞാൻ രാജിവച്ചാൽ അവരുടെ ആരോപണങ്ങൾ അംഗീകരിച്ചെന്നാണ് അർഥമാക്കുന്നത്. എന്റെ കാലാവധി ഏതാണ്ട് അവസാനിച്ചു. സർക്കാർ മൂന്നംഗ കമ്മിറ്റി രൂപീകരിച്ചു. 45 ദിവസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടക്കും. അതോടെ എന്റെ കാലാവധി അവസാനിക്കും' . ബ്രിജ് ഭൂഷൺ പറഞ്ഞു.എല്ലാ ദിവസവും അവർ പുതിയ ആവശ്യങ്ങളുമായി വരുന്നു, എഫ്.ഐ.ആർ ആവശ്യപ്പെട്ടു, എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു ഇപ്പോൾ ജയിലിലടയ്ക്കണമെന്നും എല്ലാ സ്ഥാനങ്ങളിൽ നിന്നും രാജി വയ്ക്കണമെന്നും പറയുന്നു. എം.പിയായത് മണ്ഡലത്തിലെ ജനങ്ങൾ തെരഞ്ഞെടുത്തിട്ടാണെന്നും വിനേഷ് ഫോഗട്ട് വഴിയല്ലെന്നും ബ്രിജ് ഭൂഷൺ കൂട്ടിച്ചേർത്തു. പിതാവിനെയും മകനെയും അഞ്ച് സഹോദരങ്ങളെയും തന്റെ സ്വന്തം കൈകൊണ്ട് സംസ്കരിച്ചിട്ടുണ്ടെന്നും ഇതിലും വലിയ പ്രശ്നങ്ങൾ നേരിട്ട താൻ ഇതിൽ നിന്നെല്ലാം കുറ്റവിമുക്തനായി തിരിച്ചുവരുമെന്നും ഗുസ്തി ഫെഡറേഷൻ പ്രസിഡന്റ് പറഞ്ഞു.

പാർട്ടിക്ക് തന്നെ ഇതിൽ സഹായിക്കാനാവില്ലെന്നും താൻ ഇതിൽ നിന്ന് പുറത്തുവരുമെന്നും ബ്രിജ് ഭൂഷൺ കൂട്ടിച്ചേർത്തു. ഗുസ്തി താരങ്ങൾ ഗുരുതരമായ ആരോപണം ഗുസ്തി ഫെഡറേഷൻ പ്രസിഡന്റിനെതിരെ ഉന്നയിച്ചിട്ടും ഡൽഹി പോലിസ് കേസെടുത്തിരുന്നില്ല. സുപ്രീം കോടതി ഇടപെട്ടതോടെയാണ് പോക്സോ അടക്കം ഒന്നിലേറെ കേസുകൾ ആറുതവണ ബി.ജെ.പി എം.പി കൂടിയായിരുന്ന ബ്രിജ് ഭൂഷണെതിരേ ഡൽഹി പോലിസ് രജിസ്റ്റർ ചെയ്തത്.



**ഗുസ്തി താരങ്ങളായ വിനേഷ് ഫോഗട്ട്, സാക്ഷിമാലിക്ക്, സംഗീത ഫോഗട്ട് എന്നിവർ ജന്തർമന്ദറിലെ പ്രതിഷേധത്തിനിടെ**

## എ.ഐ ക്യാമറ ഇടപാട്: മുഖ്യമന്ത്രിക്ക് ഇടനില കമ്പനികളുമായി ബന്ധം, വൈകാതെ പുറത്തുവരും: രമേശ് ചെന്നിത്തല



തിരുവനന്തപുരം: എ.ഐ ക്യാമറ ഇടപാടിലെ ഇടനില കമ്പനികളും മുഖ്യമന്ത്രിയും തമ്മിൽ ബന്ധമുണ്ടെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. ഈ ബന്ധം വൈകാതെ പുറത്തുവരുമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലെ മന്ത്രിമാർക്ക് സ്വാതന്ത്ര്യമില്ല, ഭരണം നിയന്ത്രിക്കുന്നത് ബിനാമികളും വൻകിടക്കാരുമാണ്. അധികാരം മുഖ്യമന്ത്രിയിലേക്ക് മാത്രമായി കേന്ദ്രീകരിക്കുന്നു. ഐ.എ.എസുകാരെ നിയമിക്കാനുള്ള സ്വാതന്ത്ര്യ മടക്കം മുഖ്യമന്ത്രിയിലേക്ക് കേന്ദ്രീകരിക്കുന്നുവെന്നും രമേശ് ചെന്നിത്തല പറഞ്ഞു. തോമസ് ഐസക് ധനകാര്യ മന്ത്രിയായിരുന്ന കാലത്ത് കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മുൻനിർത്തി വൻകിട പദ്ധതികൾ നടത്തരുതെന്ന് ഉത്തരവുണ്ടായിരുന്നു. അതെല്ലാം കാറ്റിൽപ്പറത്തിയാണ് എ.ഐ ക്യാമറ പദ്ധതി നടപ്പിൽ വരുത്തിയത്. ഒരേ പാറ്റേണിലുള്ള അഴിമതിയാണ് കേരളത്തിൽ നടക്കുന്നത്. സ്പ്രിംക്ലർ മുതലുള്ള അഴിമതികൾ ഒരേ പാറ്റേണിലുള്ളതാണെന്നും താനുന്നയിച്ച ആരോപണങ്ങൾ പൂർണമായും ശരിയെന്ന് തെളിഞ്ഞു. ആരോപണങ്ങൾ കെൽട്രോണിന്റെ തലയിൽ കെട്ടിവെച്ച് രക്ഷപ്പെടാനാണ് വ്യവസായ മന്ത്രി പി.രാജീവ് ശ്രമിച്ചതെന്നും അദ്ദേഹം പറഞ്ഞു. എ.ഐ ക്യാമറ സ്ഥാപിക്കാനുള്ള ചുമതല കെൽട്രോണിനെ ഏൽപ്പിച്ചത് പൊതുമേഖലാ സ്ഥാപനമായത് കൊണ്ടാണ്. കെൽട്രോൺ എസ്.ആർ.ഐ.ടി ടെണ്ടർ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. ഗുജറാത്ത് ഇൻഫോടെകിന് ക്വാളിഫിക്കേഷൻ ഇല്ലെന്ന് പറഞ്ഞ് ടെണ്ടറിൽ നിന്ന് തള്ളി. അക്ഷര ഇൻഫോടെക്, അശോക ഇൻഫോടെക്, എസ്.ആർ.ഐ.ടിയും പങ്കെടുത്തു. ഈ മൂന്ന് കമ്പനികളും പരസ്പരം ബന്ധമുള്ള കമ്പനികളാണ്. എസ്.ആർ.ഐ.ടിക്ക് കരാർ കിട്ടാനുള്ള ഇടപെടലാണ് മറ്റുള്ളവർ നടത്തിയതെന്ന് രമേശ് ചെന്നിത്തല കൂട്ടിച്ചേർത്തു.



കരുതലും
കൈത്താങ്ങും
മന്ത്രിമാർ
ജനങ്ങളിലേക്ക്

താലൂക്ക് തല
പരാതി പരിഹാര
അദാലത്തുകൾക്ക്
ഇന്ന് തുടക്കം

സംസ്ഥാനതല ഉദ്ഘാടനം

കോഴിക്കോട്
മലബാർ ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ
2023 ഏപ്രിൽ 30
രാവിലെ 11ന്

പിണറായി വിജയൻ
മുഖ്യമന്ത്രി

അധ്യക്ഷൻ
പി.എ. മുഹമ്മദ് റിയാസ്
പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി

എ.കെ. ശശീന്ദ്രൻ
വനം-വന്യജീവി വകുപ്പ് മന്ത്രി

അഹമ്മദ് ദേവർകോവിൽ
തുറമുഖം, മ്യൂസിയം,
പുരാരേഖ-പുരാവസ്തു വകുപ്പ് മന്ത്രി

എം.പി.മാർ, എം.എൽ.എ.മാർ,
തദ്ദേശ സ്ഥാപന ജനപ്രതിനിധികൾ
പങ്കെടുക്കും

വിവിധ ജില്ലകളിലെ അദാലത്തുകൾ

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട — മെയ് 2–11
എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം — മെയ് 15–26
കോഴിക്കോട് — മെയ് 2–8
കോട്ടയം, കണ്ണൂർ — മെയ് 2–9
ഇടുക്കി — മെയ് 15–23
വയനാട് — മെയ് 27–30
കാസർഗോഡ് — മെയ് 27– ജൂൺ 1
ആലപ്പുഴ — മെയ് 29– ജൂൺ 4




ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ


# പൂരവും ചരിത്രവും...

ഇന്ന് തൃശൂർ പൂരം. എല്ലാ ശ്രദ്ധയും ഒന്നിലേക്ക് മാത്രം കേന്ദ്രീകരിക്കുന്ന ആഘോഷരാവ്. ഏറെ ആവേശത്തോടെയാണ് ജനം പൂരത്തെ വരവേൽക്കുന്നത്. രാവിലെ മുതൽ തേക്കിൻക്കാട് മൈതാനിയിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത് പൂരത്തിന് മുന്നോടിയായുള്ള സാമ്പിൾ വെടിക്കെട്ട് കഴിഞ്ഞ ദിവസം നടന്നിരുന്നു. കണ്ണിനെ ഇമ ചിമ്മാൻ വിടാതെ ആകാശത്തിൽ വർണവസന്തം തീർത്ത പാറമേക്കാവ്-തിരുവമ്പാടി വിഭാഗത്തിന്റെ വെടിക്കെട്ട് ഇത്തവണയും ആസ്വാദകരെ വിസ്മയിപ്പിച്ചു. ഗജവീരൻമാരും കുടമാറ്റവും മേളവും പഞ്ചവാദ്യഘോഷങ്ങളും കാണാനും ശ്രവിക്കാനും നാനാദിക്കിൽ നിന്നും ആളുകൾ എത്തിക്കഴിഞ്ഞിരിക്കുന്നു. ഒട്ടുമിക്ക കാര്യങ്ങളും വെർച്ചലായി നടക്കുന്ന ഡിജിറ്റൽ യുഗത്തിൽ തൃശൂർ പൂരം വേറിട്ടു നിൽക്കുകയാണ്. ഓൺലൈനിൽ നിന്നും ആളുകളെ ഓഫ്ലൈനിലെത്തിക്കുന്ന വിസ്മയമാണ് ഇന്ന് പൂരം. തൃശൂർ പൂരത്തിന്റെ ചരിത്രത്തിലേക്ക് കടക്കുമ്പോൾ മേടമാസത്തിൽ അർധരാത്രിക്ക് ഉത്രം നക്ഷത്രം വരുന്നതിന്റെ തലേന്നാണ് പൂരം ആഘോഷിക്കുന്നത്. ശക്തൻ തമ്പുരാന്റെ കാലത്ത് കേരളത്തിൽ ആറാട്ടുപുഴ പൂരമായിരുന്നു ഏറെ പ്രശസ്തം. ആറാട്ടുപുഴ പൂരത്തിന് പല ദേശങ്ങളിലെ ക്ഷേത്രങ്ങളിൽനിന്നും ഘോഷയാത്രകളെത്തുമായിരുന്നു. എന്നാൽ 1796ൽ ശക്തമായ പേമാരി കാരണം പാറമേക്കാവ്, തിരുവമ്പാടി, ചെമ്പൂക്കാവ്, കാരമുക്ക്, ലാലൂർ, അയ്യന്തോൾ, ചൂരക്കാട്ടുകാവ്, നെയ്തലക്കാവ്, കണിമംഗലം എന്നീ ക്ഷേത്രങ്ങളിലെ സംഘങ്ങൾക്ക് ആറാട്ടുപുഴയിൽ പൂരത്തിനെത്താൻ സാധിച്ചില്ല. ഇതിനെ തുടർന്ന് ഈ സംഘങ്ങൾക്ക് ഭ്രഷ്ട് കൽപ്പിച്ചു. ഇതിൽ പ്രകോപിതനായ ശക്തൻ തമ്പുരാൻ വടക്കുംനാഥനെ ആസ്ഥാനമാക്കി അടുത്ത പൂരം നാളിൽ തൃശൂർ പൂരം ആരംഭിച്ചു. പൂരത്തിലെ പ്രധാന പങ്കാളികൾ പ്രധാന ക്ഷേത്രങ്ങളായ പാറമേക്കാവ് ഭഗവതീ ക്ഷേത്രവും തിരുവമ്പാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രവുമാണ്. വടക്കുംനാഥൻ ക്ഷേത്രത്തിലും ക്ഷേത്രത്തിനു ചുറ്റുമുള്ള തേക്കിൻകാട് മൈതാനത്തിലുമായാണ് പൂരത്തിന്റെ ചടങ്ങുകൾ നടത്തി വരുന്നത്. തിരുവമ്പാടി– പാറമേക്കാവ് ക്ഷേത്രങ്ങളിലെ ഭഗവതിമാരാണ് തൃശ്ശൂർ പൂരത്തിൽ പങ്കെടുക്കുന്നതെന്നാണ് ഐതീഹ്യം. തിരുവമ്പാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠകളിൽ ഒന്നായ ബാലഭദ്രകാളിയാണ് പൂരത്തിന് പങ്കെടുക്കുന്ന ഒരു ഭഗവതി. എട്ട് ചെറുപൂരങ്ങൾ അടങ്ങുന്നതാണ് തൃശൂർപൂരം. പൂരത്തിലെ പ്രധാന ചടങ്ങുകളായ ഇലഞ്ഞിത്തറമേളം, തെക്കോട്ടിറക്കം, കുടമാറ്റം എന്നിവ വടക്കുന്നാഥന്റെ ക്ഷേത്രപരിസരത്താണ് നടക്കന്നത്. ചെറുപൂരങ്ങളുടെ എഴുന്നള്ളിപ്പോടെയാണ് പ്രധാനദിവസത്തെ പൂരാഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്നത്. രാവിലെ വടക്കുന്നാഥന്റെ മുന്നിലെത്തി വണങ്ങുന്ന കണിമംഗലം ശാസ്താവാണ് പൂരത്തിൽ പങ്കെടുക്കാൻ ആദ്യം എത്തുന്നത്. തുടർന്ന് മറ്റു ചെറുപൂരങ്ങൾ എത്തിത്തുടങ്ങും. കാരമുക്ക് ഭഗവതി, ചൂരക്കോട്ടുകാവ് ഭഗവതി, നെയ്തലക്കാവ് ഭഗവതി, ലാലൂർ ഭഗവതി, പനയ്ക്കമ്പിള്ളി ശാസ്താവ്, അയ്യന്തോൾ കാർത്ത്യായനി ഭഗവതി, ചെമ്പൂക്കാവ് ഭഗവതി ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ ദേവതമാരാണ് ചെറു പൂരം അവതരിപ്പിക്കുന്നത്. തിരുവമ്പാടി ഭഗവതിയുടെ തിടമ്പ് ബ്രഹ്മസ്വം മഠത്തിലേക്ക് കൊണ്ടുപോകുന്ന പുറപ്പാട് എഴുന്നള്ളത്ത്, മഠത്തിൽ നിന്ന് പഞ്ചവാദ്യത്തോടുകൂടിയുള്ള മഠത്തിൽ വരവ് എഴുന്നള്ളത്ത്, ഉച്ചക്ക് പാറമേക്കാവ് ക്ഷേത്രത്തിന്റെ പൂരപ്പുറപ്പാട്, അതിനോടനുബന്ധിച്ചു ഒരു മണിക്കൂർ ദൈർഘ്യം വരുന്ന ചെമ്പട മേളം, ഇലഞ്ഞിത്തറമേളം, തെക്കോട്ടിറക്കം, പാറമേക്കാവ്, തിരുവമ്പാടി ഭഗവതിമാരുടെ പരസ്പരമുള്ള കൂടിക്കാഴ്ച, കുടമാറ്റം, സന്ധ്യാസമയത്തെ ചെറിയ വെടിക്കെട്ട്, രാത്രിയിലെ പഞ്ചവാദ്യം, പുലർച്ചെയുള്ള പ്രധാന വെടിക്കെട്ട്, പിറ്റേന്നു നടക്കുന്ന പകൽപ്പൂരം, പകൽപ്പൂരത്തിന് ശേഷമുള്ള വെടിക്കെട്ട്, ഉപചാരം ചൊല്ലിപ്പിരിയൽ എന്നിവയാണ് പൂരത്തിന്റെ പ്രധാന ചടങ്ങുകൾ.





## വിദ്വേഷ പരാമർശം; അമിത് ഷായ്ക്കും യോഗിക്കുമെതിരേ പരാതി നൽകി കോൺഗ്രസ്

ന്യൂഡൽഹി: കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനുമെതിരേ പരാതി നൽകി കോൺഗ്രസ്. വർഗീയ പരാമർശങ്ങളിൽ ഇരുവർക്കുമെതിരേ നടപടി വേണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷന് നൽകിയ പരാതിയിൽ കോൺഗ്രസ് ആവശ്യപ്പെട്ടു.

വോട്ട് ലക്ഷ്യമിട്ട് ഇരുവരും ന്യൂനപക്ഷങ്ങൾക്കെതിരേ വ്യാജവും വർഗീയപരവുമായ പരാമർശങ്ങളാണ് നടത്തിയത്, ഇതിന് അനുവദിക്കരുത്. കർണാടകയിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇവർക്ക് അനുവാദം നൽകരുതെന്നും പരാതിയിലുണ്ട്. അഭിഷേക് സിംഗ്വി, മുകുൾ വാസ്നിക്, പവൻ കുമാർ ബൻസാൽ തുടങ്ങിയവർ ഉൾപ്പടെയുള്ള കോൺഗ്രസ് നേതാക്കളുടെ പ്രതിനിധി സംഘമാണ് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെയടക്കം കണ്ട് പരാതി നൽകിയത്. എന്നാൽ ഇക്കാര്യത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ മറുപടി നൽകിയിട്ടില്ല.

## ഗുസ്തി താരങ്ങളുടെ പോരാട്ടത്തിൽ അഭിമാനിക്കുന്നു: പ്രിയങ്ക ഗാന്ധി

ന്യൂഡൽഹി: ലൈംഗികാരോപണവിധേയനായ ഗുസ്തി ഫെഡറേഷൻ അധ്യക്ഷൻ ബ്രിജ് ഭൂഷൺ സിങിനെ സംരക്ഷിക്കുന്ന കേന്ദ്ര സർക്കാർ നിലപാടിനെ ശക്തമായി വിമർശിച്ച് കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി. ജന്തർ മന്ദറിലെ ഗുസ്തി താരങ്ങളെ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കവേയാണ് പ്രിയങ്ക കേന്ദ്ര സർക്കാരിനെതിരേ വിമർശനമുയർത്തിയത്. ആരോപണവിധേയനായ ബ്രിജ് ഭൂഷണെ എന്തിനാണ് കേന്ദ്ര സർക്കാർ സംരക്ഷിക്കുന്നത്. ഗുസ്തി താരങ്ങളുടെ വിഷയത്തിൽ പ്രധാനമന്ത്രിയിൽ നിന്ന് യാതൊരു നടപടിയും പ്രതീക്ഷിക്കുന്നില്ല. പ്രധാനമന്ത്രിക്ക് താരങ്ങളെക്കുറിച്ച് ആശങ്കയുണ്ടെങ്കിൽ എന്തുകൊണ്ടാണ് അവരോട് സംസാരിക്കുകയോ അവരെ കാണുകയോ ചെയ്യാത്തത്. കുറ്റവാളിക്കെതിരേ ശബ്ദമുയർത്തിയ ഗുസ്തി താരങ്ങളെ ഓർത്ത് അഭിമാനിക്കുന്നു. ബ്രിജ് ഭൂഷണെതിരേ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ എന്തുകൊണ്ടാണ് അവർ പുറത്തു വിടാത്തത്. മെഡലുകൾ നേടുമ്പോൾ ഗുസ്തി താരങ്ങളെ അഭിനന്ദിച്ച് നാം ട്വീറ്റ് ചെയ്യുന്നു. എന്നാൽ ഇന്ന് അവർ നീതി ലഭിക്കാതെ റോഡിൽ ഇരിക്കുകയാണ്. സർക്കാർ കുറ്റവാളിയെ എന്തിനാണ് സംരക്ഷിക്കുന്നതെന്ന് മനസ്സിലാകുന്നില്ല പ്രിയങ്ക പറഞ്ഞു. ർണാടക നിയമസഭ തെരഞ്ഞെടുപ്പ് പ്രചാരണത്തിലായിരുന്ന പ്രിയങ്ക ഡൽഹി ജന്തർ മന്ദറിലെ വേദിയിലെത്തിയാണ് ഗുസ്തി താരങ്ങളായ സാക്ഷി മാലിക്കും വിനേഷ് ഫോഗട്ടും അടക്കമുള്ളവരെ സന്ദർശിച്ചത്.


ജന്തർ മന്ദറിൽ പ്രതിഷേധിക്കുന്ന ഗുസ്തി താരങ്ങളെ പ്രിയങ്കഗാന്ധി സന്ദർശിച്ചപ്പോൾ

# സെർവർ തകരാർ പരിഹരിച്ചു, റേഷൻ കടകൾ പ്രവർത്തിച്ചു തുടങ്ങി

തിരുവനന്തപുരം: സംസ്ഥാനത്തെ റേഷൻ കടകളിലെ ഇ-പോസ് സംവിധാനത്തിലുള്ള സെർവർ തകരാർ പരിഹരിച്ചു. ഇതോടെ മൂന്ന് ദിവസം നീണ്ടുനിന്ന പ്രശ്നത്തിന് പരിഹാരമായി. ഇത്രയും ദിവസം റേഷൻ വിതരണം മുടങ്ങിയതിനാൽ ഈ മാസത്തെ റേഷൻ വിതരണത്തിനുള്ള സമയം അഞ്ചാം തീയതി വരെ നീട്ടി. സംസ്ഥാനത്തെ റേഷൻ കടകളെല്ലാം കഴിഞ്ഞ ദിവസം മുതൽ തുറന്നു പ്രവർത്തിച്ചു. എന്നാൽ, മെയ് മൂന്ന് വരെ കടകളുടെ പ്രവർത്തന സമയത്തിൽ ചെറിയ മാറ്റമുണ്ടായിരിക്കുന്നതാണ്. മലപ്പുറം, തൃശൂർ, പാലക്കാട്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിൽ




മെയ് 2,3 ദിവസം വരെ രാവിലെ എട്ട് മുതൽ ഒരു മണിവരെയാണ് പ്രവർത്തന സമയം. അതുപോലെ എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം, കണ്ണൂർ, കോട്ടയം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിൽ ഈ ദിവസങ്ങളിൽ ഉച്ചയ്ക്ക് രണ്ട് മുതൽ ഏഴ് മണി വരെയാണ് പ്രവർത്തന സമയം.മെയ് നാലിനും അഞ്ചിനും റേഷൻ കടകൾ സാധാരണ പോലെ പ്രവർത്തിക്കും. മെയ് ആറ് മുതൽ മെയ് മാസത്തെ റേഷൻ വിതരണം ആരംഭിക്കുമെന്ന് ഭക്ഷ്യ മന്ത്രി ജി.ആർ അനിൽ അറിയിച്ചു. ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണം സൂക്ഷ്മമായി നിരീക്ഷിക്കും.

പ്രശ്നങ്ങൾ ഉണ്ടായാൽ അടിയന്തരമായ ഇടപെടൽ നടത്തുന്നതിന് പൊതുവിതരണ വകുപ്പിലെ ജില്ലാ സപ്ലൈ ഓഫിസർ അടക്കമുള്ള മുഴുവൻ ഉദ്യോഗസ്ഥരും ഫീൽഡിൽ ഉണ്ടാകുമെന്നും മന്ത്രി അറിയിച്ചു.സെർവർ തകരാറിനെ തുടർന്ന് മൂന്ന് ദിവസമാണ് സംസ്ഥാനത്തെ റേഷൻ കടകൾ അടച്ചിട്ടത്. നിലവിലെ സർവ്വറുകളിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങൾ ക്ലൗഡ് സ്റ്റോറേജിലേക്ക് മാറ്റുന്ന പ്രക്രിയ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ പൂർത്തീകരിച്ചു. എൻ.ഐ.സി ഹൈദരാബാദിന്റെ നിർദേശ പ്രകാരമാണ് ഡാറ്റാ മൈഗ്രേഷൻ നടത്തിയത്. എൻ.ഐ.സി നടത്തിയ ഡാറ്റാ മൈഗ്രേഷന് ശേഷം സ്റ്റേറ്റ് ഐ.ടി മിഷന്റെ സഹായത്തോടെ ലോഡ് ടെസ്റ്റിംഗും വിജയകരമായി പൂർത്തീകരിച്ചു.

## സോളാർ കേസ് അന്വേഷിച്ച റിട്ട. ഡിവൈ.എസ്.പി ട്രെയിൻ തട്ടി മരിച്ച നിലയിൽ

ആലപ്പുഴ: സോളാർ കേസിലെ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന റിട്ട. ഡിവൈ.എസ്.പി കെ.ഹരികൃഷ്ണനെ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി. സോളാർ കേസ് അന്വേഷണ ഉദ്യോഗസ്ഥനായിരുന്നു. ഹരികൃഷ്ണൻ. ഹരിപ്പാട് സ്വദേശിയായ ഹരികൃഷ്ണൻ പെരുമ്പാവൂർ ഡിവൈ.എസ്.പി ആയിരിക്കെയാണ് സോളർ കേസിലെ അന്വേഷണ ഉദ്യോഗസ്ഥനായത്. കായംകുളം രാമപുരത്തെ റെയിൽവെ ലെവൽ ക്രോസിൽ ഇന്നലെ പുലർച്ചെയോടെയാണ് മൃതദേഹം കണ്ടെത്തിയത്. ട്രാക്കിന് സമീപം നിർത്തിയിട്ടിരുന്ന ഇദ്ദേഹത്തിന്റെ കാറിൽ നിന്ന് ആത്മഹത്യാ കുറിപ്പ് കണ്ടെത്തി. ഇദ്ദേഹം അടുത്തിടെ കടുത്ത മാനസിക സംഘർഷത്തിലായിരുന്നുവെന്നാണ് ബന്ധുക്കൾ പറയുന്നത്. ഇദ്ദേഹത്തിനെതിരേ വിജിലൻസ് കേസുകൾ നിലവിലുണ്ട്.


കെ.ഹരികൃഷ്ണൻ

## പാലക്കാട് വീടിന് നേരെ ബോംബേറ്; നാല് പേർ ആശുപത്രിയിൽ

പാലക്കാട്: കാഞ്ഞിരത്താണിയിൽ വീടിന് നേരെ ബോംബേറ്. കാഞ്ഞിരത്താണി സ്വദേശി ഫൈസലിന്റെ വീടിന് നേരെയാണ് ബോംബേറ് ഉണ്ടായത്. വീടിന്റെ ഒരു ഭാഗവും വാഹനങ്ങളും കത്തി നശിച്ചു. പെട്രോൾ ബോംബാണ് എറിഞ്ഞത്. പുക ശ്വസിച്ചതിനെ തുടർന്നുണ്ടായ ആരോഗ്യപ്രശ്നം മൂലം നാല് പേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഫൈസലിന്റെ ഭാര്യ റഹ്മത്ത്, എട്ടും, നാലും വയസുള്ള മക്കൾ, റഹ്മത്തിന്റെ സഹോദര പുത്രൻ റമീസ് എന്നിവരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.വ്യാഴാഴ്ച അർധരാത്രിയാണ് ഫൈസലിന്റെ വീട് അജ്ഞാത സംഘം ആക്രമിച്ചത്. തൃത്താല പോലീസ് കേസ് എടുത്ത് അന്വേഷണം ആരംഭിച്ചു.





1. പ്രഥമ എം.ഭാസ്കരൻ സ്മാരക സഹകാരി പുരസ്കാരം രമേശൻ പാലേരിക്ക് മന്ത്രി എം.ബി രാജേഷ് സമ്മാനിക്കുന്നു 2. ടൗൺ ബാങ്കിന്റെ സൗരജ്യോതി വായ്പാ വിതരണോദ്ഘാടനം മന്ത്രി അഹമ്മദ് ദേവർകോവിൽ നിർവഹിക്കുന്നു

# യു.എൽ.സി.സിയെ സഹകരണ വിസ്മയമാക്കി മാറ്റിയത് രമേശൻ പാലേരിയുടെ നേതൃപാടവം: മന്ത്രി എം.ബി രാജേഷ്

കോഴിക്കോട്: ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റിയെ ദേശീയ- അന്തർദേശീയതലത്തിൽ സഹകരണ വിസ്മയമാക്കി മാറ്റിയത് ചെയർമാൻ രമേശൻ പാലേരിയുടെ നേതൃപാടവവും സംഘടനാ മികവുമാണെന്ന് മന്ത്രി.എം.ബി രാജേഷ് പറഞ്ഞു. കാലിക്കറ്റ് ടൗൺ സർവീസ് സഹകരണ ബാങ്ക് ഏർപ്പെടുത്തിയ പ്രഥമ എം.ഭാസ്കരൻ സ്മാരക സഹകാരി പുരസ്കാരം രമേശൻ പാലേരിക്ക് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നാഷണൽ ഹൈവേയുടെ പ്രവർത്തികൾ, മലയോര മലയോര ഹൈവേ പ്രവർത്തികൾ, സംസ്ഥാനപാതകളുടെ പ്രവർത്തികൾ ഉൾപ്പെടെ യു.എൽ.സി.സി ഏറ്റെടുക്കുന്ന പദ്ധതികൾ വടക്കേ മലബാറിന്റെ മാത്രമല്ല, മലബാറിന്റെ തന്നെ മുഖച്ഛായ മാറ്റുന്നതാണ്. അതിന് പിന്നിലെ ചാലകശക്തിയാണ് രമേശൻ പാലേരി.

അദ്ദേഹം കേന്ദ്രബിന്ദുവായി സാരഥ്യം വഹിക്കുന്നത് കൊണ്ടാണ് യു.എൽ.സി.സി മെച്ചപ്പെട്ട് മുന്നേറുന്നത്. താൻ സ്പീക്കറായിരുന്ന ഘട്ടത്തിൽ പ്രഥമ സ്പീക്കറായിരുന്ന ശങ്കരനാരായൺ തമ്പിയുടെ നാമധേയത്തിൽ നിർമിച്ച മെമ്പേഴ്സ് ലോഞ്ച് വളരെ മികച്ച നിർമിതിയായിരുന്നു. ഇന്ത്യയിലെ വനിതകളായ നിയമസഭാ സാമാജികരുടെ കോൺഫറൻസ് ഈ ഹാളിലാണ് നടന്നത്. അന്ന് വിവിധ സംസ്ഥാനങ്ങളിലെ ജനപ്രതിനിധികൾ ഈ ഹാളിന്റെ നിർമാണത്തെ പ്രശംസിച്ചിരുന്നു.

പലർക്കും എത്താൻ സാധിക്കാത്തിടത്ത് ചിലർ എത്തുമ്പോൾ ചിലർക്ക് കുശുമ്പ് തോന്നും. അതും യു.എൽ.സി.സിക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. കുശുമ്പ് പിന്നീട് കടുത്ത അസൂയയായും ഒരു പരിധി കഴിഞ്ഞാൽ പകയായും പിന്നീട് ശത്രുതയായുംമാറും. പിന്നീട് അപഖ്യാതി പരത്താൻ നോക്കും. യു.എൽ.സി.സിക്കെതിരേ അത്തരം ആക്രമണങ്ങളും നടന്നിട്ടുണ്ട്. എന്നാൽ പുറത്ത് ആക്ഷേപം പറയുന്നവർ, അവരുമായ് ബന്ധപ്പെട്ട പ്രോജക്ട് വരുമ്പോൾ അത് യു.എൽ.സി.സിക്ക് നൽകണമെന്ന് കത്ത് കൊടുക്കും. അതിന് കാരണം വിശ്വസിച്ച് ഏൽപ്പിക്കാൻ പറ്റുന്ന ഒരു സ്ഥാപനമായി യു.എൽ.സി.സി വളർന്നതുകൊണ്ടാണ്. ലോകനിലവാരത്തിലുള്ള മികവ് നിലനിർത്തി കൂടുതൽ മെച്ചപ്പെട്ട പ്രകടനം നടത്താൻ യു.എൽ.സി.സിക്കാവട്ടേയെന്നദ്ദേഹം ആശംസിച്ചു.

ടൗൺ ബാങ്കിന്റെ സൗരജ്യോതി വായ്പാ വിതരണോദ്ഘാടനം മന്ത്രി അഹമ്മദ് ദേവർകോവിൽ നിർവഹിച്ചു. സിൽവർ ജൂബിലിയുടെ ഭാഗമായി നടത്തിയ ലോകകപ്പ് പ്രവചന മത്സര വിജയിക്കുള്ള ഗോൾഡ് കോയിനും പ്രോത്സാഹന സമ്മാനദാനവും കോഴിക്കോട് സർക്കിൾ കോ.ഓപ്പറേറ്റീവ് യൂണിയൻ ചെയർമാൻ ടി.പി ശ്രീധരൻ നിർവഹിച്ചു.

ടൗൺ ബേങ്ക് ചെയർമാൻ ടി.വി നിർമ്മലൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ സഹകരണ ജോയിന്റ് രജിസ്ട്രാർ ബി.സുധ, പ്രൈമറി കോ.ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് അഡ്വ.ജി.സി. പ്രശാന്ത് കുമാർ, കോ.ഓപ്പറേറ്റീവ് എംപ്ലോയീസ് യൂനിയൻ ജില്ലാ സെക്രട്ടറി എം.കെ.ശശി എന്നിവർ ആശംസകൾ നേർന്നു. ബാങ്ക് ജനറൽ മാനേജർ ഇ.സുനിൽകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ടൗൺ ബാങ്ക് വൈസ് ചെയർമാൻ അഡ്വ.ഒ.എം.ഭരദ്വാജ്, സ്വാഗതവും ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ ബിജു. എ നന്ദിയും പറഞ്ഞു. തുടർന്ന് അരങ്ങ് കൊയിലാണ്ടിയുടെ നാടൻ പാട്ട് അരങ്ങേറി.



കെ.ശങ്കരനാരായണന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഗോവ ഗവർണർ അഡ്വ. പി.എസ് ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# 'കെ.ശങ്കരനാരായണൻ അനുസ്മരണ സമ്മേളനം'

കോഴിക്കോട്: മഹാരാഷ്ട്ര മുൻ ഗവർണർ കെ.ശങ്കരനാരായണന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ചു അനുസ്മരണ സമ്മേളനം കാലിക്കറ്റ് സിറ്റി സർവീസ് സഹകരണ ബാങ്കിന്റെ ചാലപ്പുറത്തുള്ള സജൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. ഗോവ ഗവർണർ അഡ്വ.പി.എസ് ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്തു. ധരിച്ച വെള്ള വസ്ത്രംപോലെ ശുഭ്രത മനസ്സിലും സൂക്ഷിച്ച വ്യക്തിയാണ് കെ.ശങ്കരനാരായണൻ എന്ന് അദ്ദേഹം അനുസ്മരിച്ചു. എം.വി.ആർ ക്യാൻസർ സെന്റർ ചെയർമാൻ സി.എൻ വിജയകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മലബാർ ഡെവലപ്മെന്റ് കൗൺസിൽ ചെയർമാൻ ഷെവലിയാർ സി.ഇ ചാക്കുണ്ണി സ്വാഗതവും കാലിക്കറ്റ് സിറ്റി സർവീസ് സഹകരണ ബാങ്ക് ഡയരക്ടർ അബ്ദുൽ അസീസ് നന്ദിയും പറഞ്ഞു. ചടങ്ങിൽ ഡി.സി.സി പ്രസിഡന്റ് കെ.പ്രവീൺ കുമാർ, മുൻ ഡിസിസി പ്രസിഡന്റ് കെ.സി.അബു എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി.

# വിശ്വജ്ഞാനമന്ദിരം മനസിന് ശാന്തി പകരുന്ന ഇടം: മന്ത്രി ജി.ആർ അനിൽ

കക്കോടി: തിരക്കേറിയ ജീവിതസാഹചര്യങ്ങളിൽ മനുഷ്യന്റെ മനസിൽ ഉടലെടുക്കുന്ന അശാന്തിയെ അകറ്റി ശാന്തിയും സമാധാനവും കുളിർമ്മയും പകരുന്ന ഇടമാണ് വിശ്വജ്ഞാനമന്ദിരമെന്നും ഇവിടേക്ക് കടന്നുവരുമ്പോൾ തന്നെ അത് അനുഭവവേദ്യമാകുമെന്നും ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ.അനിൽ പറഞ്ഞു. വിശ്വജ്ഞാനമന്ദിരത്തിൽ നടന്ന ശാന്തിസംഗമം പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് മാണിക്കൽ പഞ്ചായത്തുകളുടെ അതിർത്തിപ്രദേശത്തുള്ള ഒരു ചെറിയ ഗ്രാമത്തിൽ ഓലമേഞ്ഞ കുടിലിൽ നിന്നാണ് ശാന്തിഗിരി ആശ്രമത്തിന്റെ തുടക്കം. ഇന്നത് ലോകമറിയുന്ന പ്രസ്ഥാനമായി മാറിയിരിക്കുന്നു. വിശ്വഗുരുവായിട്ടാണ് നവജ്യോതിശ്രീകരുണാകരഗുരുവിനെ ലോകം ഇന്നറിയുന്നത്. മതാതീതമായി മനുഷ്യനെ ഒരുമിപ്പിക്കാനുള്ള ഗുരുവിന്റെ ത്യാഗവും പ്രവർത്തനവും എക്കാലവും ഓർമ്മിക്കപ്പെടും. ഒരു മതത്തേയും അകറ്റി നിർത്താതെ എല്ലാ മതത്തിൽപ്പെട്ടവരും മനുഷ്യരാണെന്നും മനുഷ്യന്റെ ഐക്യവും യോജിപ്പും സ്നേഹവുമാണ് പ്രധാനമെന്നും അതനനുസരിച്ചുള്ള ജ്ഞാനമാണ് നേടേണ്ടതെന്നും ഗുരു തന്റെ അനുയായികളെ പഠിപ്പിച്ചു. വിശ്വജ്ഞാനമന്ദിരം എന്ന സങ്കൽപ്പം അതിനു തെളിവാണെന്നും മന്ത്രി പറഞ്ഞു. ശാന്തിഗിരി ആശ്രമം കോഴിക്കോട് ഏരിയ മേധാവി സ്വാമി വന്ദനരൂപൻ ജ്ഞാന തപസ്വി അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്വാമി ആത്മധർമ്മൻ ജ്ഞാന തപസ്വി, കക്കോടി ഗ്രാമപഞ്ചായത്തംഗം അജിത തെരവത്ത്, പരിസ്ഥിതി പ്രവർത്തകൻ പ്രൊഫ. ടി.ശോഭീന്ദ്രൻ, ആശ്രമം ഉപദേശകസമിതി അംഗം രാധാകൃഷ്ണൻ.എം, ശാന്തിഗിരി ആശ്രമം കക്കോടി ബ്രാഞ്ച് ഡെപ്യൂട്ടി മാനേജർ ചന്ദ്രൻ. എം, വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം അസിസ്റ്റന്റ് ജനറൽ കണവീനർ പി.എം ചന്ദ്രൻ, സീനിയർ കൺവീനർ മുരളിചന്ദ്രൻ സി.ബി എന്നിവർ പ്രസംഗിച്ചു.



വിശ്വജ്ഞാനമന്ദിരത്തിൽ നടന്ന ശാന്തിസംഗമം പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മന്ത്രി ജി.ആർ.അനിൽ

# സേവിയോ ഹൈസ്കൂൾ ലൈബ്രറിക്ക് മലയാളം പുസ്തകങ്ങൾ കൈമാറി കവി പി.കെ ഗോപി

കോഴിക്കോട്: ലോക പുസ്തക ദിനാഘോഷത്തിന്റെ ഭാഗമായി കാളാണ്ടിത്താഴം ദർശനം ഗ്രന്ഥശാല ഹൈസ്കൂൾ ലൈബ്രറികൾക്ക് പുസ്തകങ്ങൾ കൈമാറുന്ന പദ്ധതിയുടെ ഉദ്ഘാടനം കവി പി.കെ ഗോപി നിർവഹിച്ചു. ദേവഗിരി സേവിയോ ഹൈസ്കൂളിൽ ദർശനം വനിത വേദിയുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ പ്രശസ്ത എഴുത്തുകാർ കൈയ്യൊപ്പ് ചാർത്തിയ ഗ്രന്ഥങ്ങൾ കൈമാറി. ഹൈസ്കൂൾ വായന മത്സരത്തിന് തെരഞ്ഞെടുത്ത ടി.പത്മനാഭന്റെ 'സഖാവ് ' (മാതൃഭൂമി ബുക്സ് ), കെ.പി രാമനുണ്ണിയുടെ 'ഫോസ് കോ', ലതാലക്ഷ്മിയുടെ 'തിരുമുഗൾ ബീഗം', (രണ്ടും ഡിസി ബുക്സ് ), അർഷാദ് ബത്തേരിയുടെ നമ്മുടെ കിടക്ക പച്ച (മാതൃഭൂമി), ബിമൽ മിത്രയുടെ ചരിത്രത്തിൽ ഇല്ലാത്തവർ ( ചിന്ത പബ്ലിഷേഴ്സ് ), എസ്.ഹനീഫാ റാവുത്തരുടെ 'ശാസ്ത്രജ്ഞർ കണ്ടുപിടുത്തങ്ങൾ' (പ്രഭാത്), ശ്രീപ്രസാദ് വടക്കേപാട്ടിന്റെ 'ഓല പുരയിലെ ഋതു ഭേദങ്ങൾ', എം.ബി മിനിയുടെ 'വവ്വാൽ വർഷം' , സൈക്കിൾ (ജി.വി ബുക്ക്സ്, തലശ്ശേരി ) തുടങ്ങിയ ഗ്രന്ഥങ്ങൾ സേവിയോ ഹൈസ്കൂൾ പ്രധാനാധ്യാപകൻ സാജു ജോസഫ് ഏറ്റുവാങ്ങി. ദർശനം ഗ്രന്ഥശാല വൈസ് പ്രസിഡന്റ് സി.പി ആയിഷബി അധ്യക്ഷത വഹിച്ചു. താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം പി.കെ ശാലിനി, ദർശനം വനിത വേദി പ്രവർത്തകരായ എം.എൻ രാജേശ്വരി , എം.വി മേരിക്കുട്ടി, ശശികല മഠത്തിൽ, എം.റീന എന്നിവർ നേതൃത്വം നൽകി. ദർശനം ഗ്രന്ഥശാല സെക്രട്ടറി എം.എ ജോൺസൺ സ്വാഗതവും കമ്മിറ്റി അംഗം വി.കെ സോമൻ നന്ദിയും പറഞ്ഞു.



ലോക പുസ്തകെ ദിനാഘോഷത്തിന്റെ ഭാഗമായി കാളാണ്ടിത്താഴം ദർശനം ഗ്രന്ഥശാല, ഹൈസ്കൂൾ ലൈബ്രറികൾക്ക് പുസ്തകങ്ങൾ കൈമാറുന്ന പദ്ധതിയുടെ ഉദ്ഘാടനം കവി പി.കെ ഗോപി നിർവഹിച്ചപ്പോൾ

# ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ നിരാഹാര സമരം മെയ് മൂന്നിന്

കോഴിക്കോട്: കർഷക തൊഴിലാളികളോടുള്ള സർക്കാരിന്റെയും ക്ഷേമനിധി ബോർഡിന്റെയും അനാസ്ഥയ്ക്കെതിരെ മെയ് മൂന്നിന് ക്ഷേമനിധി ഓഫീസിന് മുൻപിൽ നിരാഹാര സമരം നടത്തുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

അധിവർഷാനുകൂല്യം ഒറ്റത്തവണയായി നൽകുക, മരണാനന്തര ആനുകൂല്യം വർധിപ്പിക്കുക, കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർഷകർക്ക് അനുവദിക്കുന്ന സബ്സിഡികളും ആനുകൂല്യങ്ങളും കർഷകത്തൊഴിലാളികൾക്കും നൽകുക, കർഷക തൊഴിലാളികൾക്ക് പ്രത്യേക ഭവന പദ്ധതി ആരംഭിക്കുകയോ ലൈഫ് പദ്ധതിയിൽ മുൻഗണന നൽകുകയോ ചെയ്യുക, വിവാഹ ധനസഹായം 10,000 രൂപയായി വർധിപ്പിക്കുക, ആൺകുട്ടികളുടെ വിവാഹങ്ങൾക്കും ധനസഹായം നൽകുക, ചികിത്സാ സഹായം വർധിപ്പിക്കുക, മിച്ചഭൂമി പതിച്ചു നൽകുമ്പോൾ ഭൂരഹിതരായ കർഷക തൊഴിലാളികൾക്ക് മുൻഗണന നൽകുക, പെൻഷൻ തുക വർധിപ്പിക്കുക, മഹാത്മാ അയ്യങ്കാളിയുടെ ജന്മദിനം കർഷകതൊഴിലാളി ദിനമായി പരിഗണിച്ച് സർക്കാർ തലത്തിൽ പ്രോഗ്രാം സംഘടിപ്പിക്കുക, കോഴിക്കോട് ഡിവിഷണൽ ഓഫീസ് സൗകര്യം കുറവായതിനാൽ താലൂക്കടിസ്ഥാനത്തിൽ ഓഫീസ് തുടങ്ങുക എന്നിവയാണ് സംഘടന മുന്നോട്ടുവെക്കുന്ന ആവശ്യങ്ങൾ. കൊവിഡ് രോഗം ബാധിച്ചവർക്ക് സർക്കാർ പ്രഖ്യാപിച്ച 7500 രൂപ പലർക്കും ലഭിച്ചിട്ടില്ല.

രോഗം ബാധിച്ചവർ ആരോഗ്യപ്രശ്നങ്ങളെ നേരിടുകയാണെന്നും ഇക്കാര്യത്തിൽ സർക്കാർ ഇടപെടണമെന്നുമവർ ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ശ്രീധരൻ മനാച്ചേരി, ജന.സെക്രട്ടറി വി. ടി സുരേന്ദ്രൻ, സെക്രട്ടറി ശങ്കരൻ നടുവണ്ണൂർ, വൈസ് പ്രസിഡന്റ് ഗൗരി ശങ്കർ, നിയോജക മണ്ഡലം പ്രസിഡന്റ് മഹിമ രാഘവൻനായർ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.




മുഖ്യമന്ത്രിയുടെ
ഗ്രാമീണ റോഡ്
പുനരുദ്ധാരണ പദ്ധതിയിൽ
നിർമ്മിച്ച

800
റോഡുകളുടെ
സംസ്ഥാനതല
ഉദ്ഘാടനം

എം.ബി. രാജേഷ്
തദ്ദേശ സ്വയംഭരണം
എക്സൈസ് വകുപ്പ് മന്ത്രി

2023 ഏപ്രിൽ 30
രാവിലെ 11 മണിക്ക്
ഇട്ടോണം സെന്റർ
തൃത്താല









ശുചിത്വ മിഷൻ

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

G20
STAY SAFE ONLINE



വഴിയിടം

Take a Break!

300

വഴിയോര വിശ്രമകേന്ദ്രങ്ങൾ

നാടിന് സമർപ്പിക്കുന്നു

സംസ്ഥാനതല ഉദ്ഘാടനം

എം.ബി. രാജേഷ്

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി

2023 ഏപ്രിൽ 30

വൈകിട്ട് 5

ചെർപ്പുളശ്ശേരി

പാലക്കാട്













ശുചിത്വ മിഷൻ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ

STAY SAFE ONLINE


# സി.ബി.ഐ നടപടി പുൽവാമയിലെ വീഴ്ചയെപ്പറ്റി പറഞ്ഞതിന്റെ പ്രതികാരം; സത്യപാൽ മാലിക്

ന്യൂഡൽഹി: പുൽവാമ ഭീകരാക്രമണത്തിൽ കേന്ദ്ര സർക്കാരിനുണ്ടായ വീഴ്ചയെപ്പറ്റി പറയരുതെന്ന് മോദി പറഞ്ഞതിൽ ഉറച്ചു നിൽക്കുന്നുവെന്ന് ജമ്മു കശ്മീർ മുൻ ഗവർണർ സത്യപാൽ മാലിക്. ഇതിന്റെ പ്രതികാരമായാണ് തനിക്കു നേരെയുള്ള സി.ബി.ഐ നടപടയെന്നും അദ്ദേഹം വെളിപ്പെടുത്തി. പുൽവാമയിലെ വീഴ്ച മോദി സർക്കാരിന്റെ അധികാരം നഷ്ടമാക്കും. പുൽവാമ ഭീകരാക്രമണത്തിൽ അന്വേഷണം വേണം. വീഴ്ചയുടെ ഉത്തരവാദിത്വം ഏറ്റെടുക്കണം. പുൽവാമയിലെ വീഴ്ചയെ പറ്റി പറയരുതെന്ന് മോദി ആവശ്യപ്പെട്ടുവെന്നതിൽ ഉറച്ച് നിൽക്കുന്നു. പ്രതികാരമായാണ് സി.ബി.ഐ നടപടിയും സുരക്ഷ കുറച്ചതും. മോദിക്ക് അഴിമതിയോട് എതിർപ്പില്ല. ഗോവയിലെ അഴിമതി തുറന്ന് പറഞ്ഞതിന് മോദി മേഘാലയിലേക്ക് മാറ്റി. റിലയൻസ് പദ്ധതിക്കായി റാം മാധവ് സമ്മർദം ചെലുത്തിയത് സി.ബി.ഐക്ക് മൊഴി നൽകിയതായും മാലിക് വെളിപ്പെടുത്തി. കഴിഞ്ഞ ദിവസം സത്യപാൽ മാലിക്കിന്റെ വസതിയിൽ സി.ബി.ഐ സംഘം എത്തിയിരുന്നു. ജമ്മുകശ്മീരിലെ റിലയൻസ് ജനറൽ ഇൻഷുറൻസുമായി ബന്ധപ്പെട്ട് നടത്തിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ സത്യപാൽ മാലിക്കിനെ ചോദ്യം ചെയ്യാനാണ് സംഘമെത്തിയതെന്നാണ് സൂചന. സോം വിഹാറിലെ സത്യപാൽ മാലിക്കിന്റെ വസതിയിലാണ് രണ്ടംഗ സംഘമെത്തിയത്. കേസിലെ സാക്ഷിയെന്ന നിലയ്ക്ക് ഹാജരാകാൻ മാലിക്കിനോട് സി.ബി.ഐ നേരത്തെ ആവശ്യപ്പെട്ടിരുന്നു. കശ്മീർ ഗവർണറായിരിക്കെ 2018ൽ അനിൽ അംബാനിയുടെ റിലയൻസ് ഇൻഷുറൻസുമായി സർക്കാർ ഉണ്ടാക്കിയ കരാർ സത്യപാൽ മാലിക്ക് റദ്ദാക്കിയിരുന്നു. കരാറിൽ അഴിമതിയുണ്ടെന്ന മാലിക്കിന്റെ ആരോപണത്തെ തുടർന്നാണ് സി.ബി.ഐ കേസെടുത്തത്.



## 13 വയസ് പൂർത്തിയായില്ല; എ.എൻ.ഐക്ക് വിലക്കേർപ്പെടുത്തി ട്വിറ്റർ

ന്യൂഡൽഹി: ഇന്ത്യയിലെ പ്രമുഖ വാർത്താ ഏജൻസിയായ ഏഷ്യൻ ന്യൂസ് ഇന്റർനാഷണലി (എ.എൻ.ഐ)ന് വിലക്കേർപ്പെടുത്തി ടിറ്റർ. 13 വയസ് പൂർത്തിയായിട്ടില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് വിലക്ക്. എ.എൻ.ഐയുടെ ടിറ്റർ ഹാൻഡിൽ ഈ അക്കൗണ്ട് നിലവിലില്ല എന്ന സന്ദേശമാണ് ലഭിക്കുക. മൈക്രോ ബ്ലോഗിങ് പ്ലാറ്റ്ഫോം പ്രവർത്തിപ്പിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 13 ആണെന്നും എ.എൻ.ഐ അത് പാലിക്കുന്നില്ലെന്നുമാണ് ടിറ്ററിന്റെ ആരോപണം. ഒരു ടിറ്റർ അക്കൗണ്ട് സൃഷ്ടിക്കുന്നതിന് നിങ്ങൾക്ക് കുറഞ്ഞത് 13 വയസ് പൂർത്തിയായിരിക്കണം. ഈ പ്രായനിബന്ധന നിങ്ങൾ പാലിക്കുന്നില്ലെന്ന് ടിറ്ററിന് വ്യക്തമായതിനാൽ നിങ്ങളുടെ അക്കൗണ്ട് ലോക്ക് ചെയ്തിരിക്കുന്നു, ടിറ്ററിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു എന്ന സന്ദേശമാണ് എ.എൻ.ഐക്ക് ലഭിച്ചത്. ദക്ഷിണേഷ്യയിലെ പ്രമുഖ മൾട്ടിമീഡിയാ വാർത്താ ഏജൻസിയാണ് എ.എൻ.ഐ. ഇന്ത്യയിലും ദക്ഷിണേഷ്യയിലും ലോകമെമ്പാടുമായി 100ലധികം ബ്യൂറോകൾ എ.എൻ.ഐക്ക് ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.




## കമൽഹാസൻ ലോക്സഭ തെരഞ്ഞെടുപ്പിൽ കോയമ്പത്തൂരിൽ നിന്ന് മത്സരിച്ചേക്കും

കോയമ്പത്തൂർ: ലോക്സഭ തെരഞ്ഞെടുപ്പിൽ നടനും മക്കൾ നീതിമയ്യം (എം.എൻ.എം) അധ്യക്ഷനുമായ കമൽഹാസൻ കോയമ്പത്തൂരിൽ മത്സരിക്കാൻ തയാറെടുക്കുന്നു. ഡി.എം.കെ സഖ്യത്തിന്റെ സ്ഥാനാർഥിയാകുമെന്നാണ് സൂചന. കോയമ്പത്തൂർ ലോക്സഭ മണ്ഡലത്തിൽ ജനവിധി തേടുന്നതിന്റെ മുന്നോടിയായാണ് വെള്ളിയാഴ്ച ചിന്നിയംപാളയത്തിലെ വൃന്ദാവൻ ഓഡിറ്റോറിയത്തിൽ കോയമ്പത്തൂർ, സേലം ജില്ലയിലെ മുഖ്യ ഭാരവാഹികളുടെ യോഗം വിളിച്ചുകൂട്ടിയത്. ജനാധിപത്യം അപകടത്തിലാണെന്ന് കമൽഹാസൻ യോഗത്തിൽ പറഞ്ഞു. തെരഞ്ഞെടുപ്പ് സഖ്യം സംബന്ധിച്ച് തീരുമാനമെടുക്കാൻ ഇനിയും സമയമുണ്ടെന്നും അദ്ദേഹം പറഞ്ഞു.



## രാജ്യത്ത് ഒരു ഉഷ്ണതരംഗത്തിന്റെ ദൈർഘ്യം രണ്ടു മുതൽ നാലു ദിവസം വരെ

ന്യൂഡൽഹി: രാജ്യത്ത് ഉഷ്ണ തരംഗങ്ങളുടെ ദൈർഘ്യത്തിൽ വൻ വർധനവെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. രണ്ട് മുതൽ നാലു ദിവസം വരെയാണ് ഒരു ഉഷ്ണതരംഗം നീണ്ടുനിൽക്കുന്നത്. ഇത് 30 വർഷത്തിനിടെയുള്ള വലിയ വർധനവാണെന്ന് കാലാവസ്ഥാ വകുപ്പ് പറയുന്നു. 2060 ആകുമ്പോഴേക്കും 12 മുതൽ 18 ദിവസം വരെ ദൈർഘ്യത്തിലേയ്ക്ക് ഉഷ്ണതരംഗങ്ങൾ ഉയരുമെന്ന് കാലാവസ്ഥാ വകുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നു. മധ്യ ഇന്ത്യയിലും വടക്കു പടിഞ്ഞാറൻ മേഖലകളിലും ഉഷ്ണതരംഗം ആറ് ദിവസത്തിലേറെ നീളാറുണ്ട്. ആന്ധ്രയുടെ തീരമേഖലകളിൽ എട്ട് ദിവസത്തിലേറെ നീണ്ടു നിൽക്കാറുണ്ടെന്നും പത്തു ദിവസത്തിലേറെ നീണ്ടുനിന്ന ഉഷ്ണതരംഗങ്ങൾ ഉണ്ടായിട്ടുണ്ടെന്നും കാലവസ്ഥാവകുപ്പ് റിപ്പോർട്ടിൽ പറയുന്നു. ഒരു മേഖലയിലെ ശരാശരി താപനിലയിൽ 4.5 ഡിഗ്രി സെൽഷ്യസിന് മുകളിലുള്ള വർധനവിനെയാണ് ഉഷ്ണതരംഗം എന്നു പറയുന്നത്.



## ബീജദാനത്തിലൂടെ ജന്മം നൽകിയത് 550ലേറെ കുഞ്ഞുങ്ങൾക്ക്; നിർത്താനാവശ്യപ്പെട്ട് ഡച്ച് കോടതി

ആംസ്റ്റർഡാം: ബീജദാനത്തിലൂടെ 41 കാരൻ ജന്മം നൽകിയത് 550 കുഞ്ഞുങ്ങൾക്ക്. കുട്ടികളിലൊരാളുടെ മാതാവും ബീജദാനത്തിലൂടെ ജനിക്കുന്ന കുട്ടികളുടെ അവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സംഘടനയും പരാതി നൽകിയതോടെ ബീജദാനം നിർത്താനാവശ്യപ്പെട്ട് ഡച്ച് കോടതി. ഡച്ച് നിയമപ്രകാരം ഒരാൾ ബീജദാനത്തിലൂടെ പരമാവധി പന്ത്രണ്ട് കുടുംബങ്ങൾക്കുള്ളിൽ 25 കുട്ടികൾക്ക് മാത്രമേ ജന്മം നൽകാൻ പാടുള്ളൂ. എന്നാൽ ജൊനാതൻ എന്ന വ്യക്തി 2007 മുതൽ 550 മുതൽ 600 വരെ കുഞ്ഞുങ്ങൾക്ക് ബീജദാനത്തിലൂടെ ജന്മം നൽകിയിട്ടുണ്ടെന്നാണ് കരുതുന്നത്. ഇത്രയേറെ കുഞ്ഞുങ്ങളുടെ പിതാവാണെന്ന കാര്യം ജൊനാതൻ മറച്ചുവെച്ചുവെന്ന് കുട്ടികളിലൊരാളുടെ അമ്മയായ പരാതിക്കാരി പറയുന്നു. ജൊനാതന്റെ ബീജം സ്വീകരിച്ചുണ്ടായ കുട്ടികളുടേയും കടുംബങ്ങളുടേയും താൽപര്യം സംരക്ഷിക്കണമെന്നും രാജ്യത്തിന് പുറത്തേക്ക് വരെ ഇയാളുടെ ബീജം കൊണ്ടുപോയിട്ടുണ്ടെന്നും പരാതിക്കാരി പറഞ്ഞു. ഇത്രയേറെ കുട്ടികളുടെ പിതാവാണെന്ന കാര്യം ജൊനാതൻ കുടുംബങ്ങളിൽ നിന്ന് മറച്ചുവെച്ചുവെന്ന് ചൂണ്ടിക്കാട്ടിയ കോടതി തങ്ങളുടെ കുഞ്ഞുങ്ങൾക്ക് നൂറുകണക്കിന് അർധസഹോദരങ്ങളുണ്ടെന്ന തിരിച്ചറിവ് കുടുംബങ്ങൾ ആഗ്രഹിക്കുന്നില്ലെന്നും ഇത് കുഞ്ഞുങ്ങളിൽ പിന്നീട് മാനസികാഘാതത്തിന് കാരണമാകുമെന്നും നിരീക്ഷിച്ചു.



ജൊനാതൻ




കലൈമാമണി പുരസ്കാര ജേതാക്കളായ സി.എ ദിവ്യ, ഉത്തമരാജ് മാഹി, ചാലക്കര പുരുഷു, ആർട്ടിസ്റ്റ് കെ.പ്രേമൻ, കെ.രേണുക എന്നിവർ

# കലൈമാമണി പുരസ്കാരങ്ങൾ വിതരണം ചെയ്തു

പുതുച്ചേരി: പുതുച്ചേരി കലാ സാംസ്കാരിക വകുപ്പ് 2013 മുതൽ 2015 വരെയുള്ള വർഷങ്ങളിലേക്കുള്ള കലാ സാഹിത്യ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് നൽകി വരുന്ന കലൈമാമണി പുരസ്കാരങ്ങൾ വിതരണം ചെയ്തു. സാഹിത്യ രംഗത്തെ സംഭാവനകൾക്ക് മാധ്യമപ്രവർത്തകൻ ചാലക്കര പുരുഷു, മാഹി സി.ഇ.ഒ ഇൻചാർജ് ഉത്തമരാജ് മാഹി എന്നിവർക്കും ചിത്രകല വിഭാഗത്തിൽ പുതുച്ചേരി പോലിസ് റിട്ട. എ.എസ്.ഐ ആർട്ടിസ്റ്റ് കെ.പ്രേമനും, നൃത്ത വിഭാഗത്തിൽ കെ.രേണുക (നൃത്താധ്യപിക, ഗൗരീ ദർപ്പണം, മാഹി), സി.എ. ദിവ്യ (നൃത്താധ്യാപിക, നൂപുര നാട്യഗൃഹം) എന്നിവർക്കുമാണ് അവാർഡ് ലഭിച്ചത്. മുഖ്യമന്ത്രി എൻ. രംഗസ്വാമിയുടെ അധ്യക്ഷതയിൽ കമ്പൻ കലൈ അരങ്ങിൽ നടന്ന ചടങ്ങിൽ ലഫ്. ഗവർണർ തമിഴ്സൗന്ദർ രാജൻ അവാർഡുകൾ സമ്മാനിച്ചു. സ്പീക്കർ ആർ. സെൽവം, ആഭ്യന്തരമന്ത്രി എ.നമഃശിവായം, പൊതുമരാമത്ത് മന്ത്രി കെ.ലക്ഷ്മി നാരായണൻ, സാംസ്ക്കാരിക മന്ത്രി ചന്ദ്ര പ്രിയങ്ക, കൃഷി മന്ത്രി ജോ കുമാർ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ സംബന്ധിച്ചു. പുരസ്കാര ജേതാക്കൾക്ക് അമ്പതിനായിരം രൂപയും ശിൽപവും പ്രശസ്തി പത്രവും പുതുച്ചേരിയിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി എൻ.രംഗസ്വാമി വിതരണം ചെയ്യും.

## വനകുടുംബകം 30ാം വാർഷികാഘോഷം ഒന്നിന്

കോഴിക്കോട്: 1992 ഒക്ടോബർ 25ന് രൂപീകരിക്കപ്പെട്ട വനകുടുംബകം കലാസാംസ്ക്കാരിക സംഘടനയുടെ 30ാം വാർഷികാഘോഷം മെയ് ഒന്നിന് തിങ്കൾ രാവിലെ 10 മണിക്ക് ഹോട്ടൽ ന്യൂ നളന്ദ ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പരിപാടി മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. മേയർ ബീന ഫിലിപ്പ് അധ്യക്ഷത വഹിക്കും. മുൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറന്റ്സ് കേരള ജി. മുകുന്ദൻ (ഐ.എഫ്.എസ് റിട്ട.) വിശിഷ്ടാതിഥിയാകും. സുവനീർ എം.കെ രാഘവൻ എം.പി പ്രകാശനം ചെയ്യും.

എം. ഗോവിന്ദൻകുട്ടി (ഐ.എഫ്.എസ് റിട്ട.), മുൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, കെ.പി ഔസേപ്പ് (ഐ.എഫ്.എസ് റിട്ട., പ്രസിഡന്റ് അസോസിയേഷൻ ഓഫ് റിട്ടയേർഡ് ഫോറസ്റ്റ് ഓഫിസേഴ്സ് കേരള-ARFOK), ദീപ കെ.എസ് (ഐ.എഫ്.എസ്, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, നോർത്തേൺ സർക്കിൾ, കോഴിക്കോട്), എം. ശ്രീധരൻ നായർ (ഐ.എഫ്.എസ് റിട്ട.), കെ. സുനിൽ കുമാർ അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, ഗീരീഷൻ.പി (സെക്രട്ടറി കർവ്) ആശംസകൾ നേരും. വനകുടുംബകം പ്രസിഡന്റ് മുരളി മാമ്പറ്റ സ്വാഗതവും പ്രോഗ്രാം കമ്മിറ്റി കൺവീനർ പി.പി വിനോദ് കുമാർ നന്ദിയും പറയും. വൈഷ്ണവി സി.കെ പ്രാർത്ഥന ആലപിക്കും.സാംസ്ക്കാരിക സമ്മേളനത്തിന് ശേഷം വൈകീട്ട് അഞ്ച് മണി വരെ വനകുടുംബകം അംഗങ്ങൾ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ അരങ്ങേറും. സംഘടനയ്ക്ക് കോഴിക്കോട്ടും പാലക്കാടും തിരുവനന്തപുരത്തും ചാപ്റ്ററുകളുണ്ടെന്നും കോഴിക്കോടാണ് ആസ്ഥാനമെന്നും 300 ഓളം അംഗങ്ങൾ കോഴിക്കോട്ടുണ്ടെന്നും മുരളി മാമ്പറ്റ കൂട്ടിച്ചേർത്തു. സംസ്ഥാന വനംവകുപ്പിൽ ജോലി ചെയ്യുന്നവരും റിട്ടയർ ചെയ്തവരുടെയും സംഘടനയാണ് വനകുടുംബകം. വാർത്താസമ്മേളനത്തിൽ പി.കെ ശശിധരൻ (സെക്രട്ടറി), വിനോദ് കുമാർ പി.പി (ജോയിന്റ് സെക്രട്ടറി), രവീന്ദ്രൻ കെ.എ, കെ. ഗോപാലൻ (എക്സിക്യൂട്ടീവ് അംഗം) എന്നിവർ പങ്കെടുത്തു.



നാദാപുരം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ കലോത്സവം 'അരങ്ങ് 2023' ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പ്രസിഡന്റ് വി.വി മുഹമ്മദലി

## നാദാപുരം പഞ്ചായത്തിൽ കുടുംബശ്രീ കലോത്സവം 'അരങ്ങ് 2023' സംഘടിപ്പിച്ചു

നാദാപുരം: ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ കലോത്സവം 'അരങ്ങ് 2023' സംഘടിപ്പിച്ചു. 22 വാർഡുകളിൽ നിന്നായി 425 കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ പ്രതിഭകളാണ് സർഗാത്മകത വിടർത്തി അരങ്ങ് ഉത്സവത്തിൽ പങ്കെടുത്തത്. ലളിതഗാനം, മാപ്പിളപ്പാട്ട്, കവിത പാരായണം, മിമിക്രി, മോണോആക്ട്, ഫാൻസി ഡ്രസ്, പ്രസംഗം, കഥാപ്രസംഗം, സംഘഗാനം, നാടൻപാട്ട്, നാടോടി നൃത്തം, തിരുവാതിര, ഒപ്പന, സംഘനൃത്തം, നാടകം എന്നിങ്ങനെയുള്ള ഇനങ്ങളിലാണ് മത്സരം സംഘടിപ്പിച്ചത്. പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന കലോത്സവം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അധ്യക്ഷന്മാരായ സി.കെ നാസർ, എം.സി സുബൈർ, പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ്, മെംബർ സെക്രട്ടറി പി.പി ബാലകൃഷ്ണൻ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ പി.പി റീജ, അസിസ്റ്റന്റ് സെക്രട്ടറി ടി. പ്രേമാനന്ദൻ, അക്കൗണ്ടന്റ് കെ.സിനിഷ എന്നിവർ സംസാരിച്ചു. പ്രൊഫഷണൽ വിധികർത്താക്കൾ വിധി നിർണയം നടത്തിയ കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി പത്താം വാർഡ് ഓവറോൾ ചാംപ്യൻഷിപ്പ് കരസ്ഥമാക്കി. രണ്ടാം സ്ഥാനം വാർഡ് 13 ഉം മൂന്നാം സ്ഥാനം വാർഡ് ഒന്നും കരസ്ഥമാക്കി. അരങ്ങ് കുടുംബശ്രീ ഉത്സവത്തിൽ പഞ്ചായത്തിന്റെ അഭിമാനമായ വനിതാ സംരംഭക അജിതാമുകന്ദനെ മൊമെന്റോ നൽകി ആദരിച്ചു.

## മാമുക്കോയയുടെ വീട്ടിലെത്തി കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ

കോഴിക്കോട്: അന്തരിച്ച നടൻ മാമുക്കോയയുടെ വീട്ടിലെത്തി ബന്ധുക്കളെ ആശ്വസിപ്പിച്ച് കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ. ഡി.സി.സി.പ്രസിഡന്റ് അഡ്വ. കെ.പ്രവീൺ കുമാർ, കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ.കെ.ജയന്ത്, ഐ.എൻ.ടി.യു.സി ദേശീയ സെക്രട്ടറി ഡോ.എം.പി പത്മനാഭൻ, മീഡിയ ചെയർമാൻ അഡ്വ. എം.രാജൻ, ഡി.സി.സി ഭാരവാഹികളായ ഹബിബ് തമ്പി, കെ.എ ഗംഗേഷ്, രമേശ് നമ്പിയത്ത് എന്നിവരും സുധാകരനൊപ്പം ഉണ്ടായിരുന്നു.



അന്തരിച്ച നടൻ മാമുക്കോയയുടെ വീട്ടിലെത്തി ബന്ധുക്കളെ ആശ്വസിപ്പിക്കുന്ന കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ

## പൊതുഗതാഗത സംവിധാനത്തിൽ 'എ.ഐ ക്യാമറ നിർബന്ധമാക്കണം'

കോഴിക്കോട്: രാജ്യത്ത് മുഴുവൻ പൊതുഗതാഗത മാർഗങ്ങളിലും ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ക്യാമറ (എ.ഐ) സ്ഥാപിക്കണമെന്ന് നാഷണൽ ചൈൽഡ് ഡെവലപ്മെന്റ് കൗൺസിൽ (എൻ.സി.ഡി.സി) കോർ കമ്മിറ്റി പാസാക്കിയ പ്രമേയത്തിൽ ആവശ്യപ്പെട്ടു. ക്യാമറ സ്ഥാപിക്കുന്നത് പോലെ തന്നെ അതിന്റെ പ്രവർത്തനവും നിരീക്ഷണവും തുടർച്ചയായി പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് എൻ.സി.ഡി.സി മാസ്റ്റർ ട്രെയിനർ ബാബാ അലക്സാണ്ടർ പറഞ്ഞു. റീജ്യണൽ അഡ്മിനിട്രേറ്റീവ് ഓഫിസർ മുഹമ്മദ് റിസ്‌വാൻ, ചീഫ് പോഗ്രാം കോർഡിനേറ്റർ ഡോ. ശ്രുതി ഗണേഷ്, അധ്യാപകരായ ബിന്ദു സരസ്വതി ഭായ്, സുധാ മേനോൻ, റീജ മോഹൻ തുടങ്ങിയവർ പങ്കെടുത്തു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.